**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 281** **04-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല . |
| (ബി) | നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾ വഴി വിപണനം നടത്തുന്നത് ആലോചനയിലുണ്ടോ; സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | റേഷൻ കടകളിലെ വൈവിദ്ധ്യവത്കരണവുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി കുപ്പിവെള്ളം, ശബരി ഉത്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, കായപ്പൊടി, ഉപ്പ്, കറിപൗഡർ, സോപ്പ്, അപ്പംപൊടി തുടങ്ങിയവ വിതരണം നടത്തുന്ന സ്കീം ആരംഭിച്ചു. എന്നാൽ കോവിഡ് വ്യാപന പ്രതിരോധ നടപടികളുടെ ഭാഗമായി സപ്ലൈകോ വഴി ഭക്ഷ്യ കിറ്റുകളുടെ പാക്കിംഗും വിതരണവും നടന്നിരുന്നതിനാലും ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളുടെ ലഭ്യത കുറവും കാരണം ടി സ്കീമിൽ വിതരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് അവരുടെ നാണ്യവിളകൾ വില്പന നടത്തുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ റേഷൻ കടകൾ വഴി അവ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും പ്രസ്തുത പദ്ധതി വിജയകരമാകുകയാണെങ്കിൽ തുടർന്ന് പോകുന്നതിനും ഉള്ള രീതിയിൽ ഒരു സ്കീം ആരംഭിക്കുന്നതിനായി തീരുമാനിക്കുകയും സപ്ലൈകോയെ ഇതിന്റെ നോഡൽ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട് . |
| (സി) | അർഹതയുള്ള മുഴുവൻ റേഷൻ കാർഡുടമകളെയും മുൻഗണന വിഭാഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധിയായി നിശ്ചയി ച്ചിരിക്കുന്നത് 154,80,040 അംഗങ്ങളെയാണ്. ആയതിനാൽ അനർഹരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ